**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 822** **06-12-2022 - ൽ മറുപടിയ്ക്ക്**

**പ്രളയത്തിൽ വീടും സ്വത്തുക്കളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ പ്രളയ ദുരന്തത്തിന്റെ ഫലമായി വീടും സ്വത്തുക്കളും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നത് എന്ന് വിശദമാക്കുമോ; | (എ) | 2018 ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിൽ സമ്പൂർണമായും വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സഹകരണ സംഘങ്ങളുടെ സഹായത്തോടെ സഹകരണ വകുപ്പ് നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതിയാണ് കെയർ ഹോം. വിവിധ ഘട്ടങ്ങളായി 2093 വീടുകൾ നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കെയർ ഹോം പദ്ധതിയുടെ ഒന്നാം ഘട്ട ലക്ഷ്യം പൂർത്തീകരിച്ചതിനെ തുടർന്ന് 2018 ലും 2019 ലും ഉണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി ഭവന സമുച്ചയം നിർമ്മിച്ച് നൽകുന്നത് ലക്ഷ്യം വച്ചുകൊണ്ട് കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടം ആസൂത്രണം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഫ്ലാറ്റ് നിർമ്മാണ നിർവ്വഹണം പ്രാരംഭഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത പദ്ധതികളുടെ പുരോഗതി അറിയിക്കുമോ? | (ബി) | 2018 ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിൽ സമ്പൂർണമായും വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സഹകരണ സംഘങ്ങളുടെ സഹായത്തോടെ സഹകരണ വകുപ്പ് നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതിയാണ് കെയർ ഹോം. വിവിധ ഘട്ടങ്ങളായി 2093 വീടുകൾ നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കെയർ ഹോം പദ്ധതിയുടെ ഒന്നാം ഘട്ട ലക്ഷ്യം പൂർത്തീകരിച്ചതിനെ തുടർന്ന് 2018 ലും 2019 ലും ഉണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും |

| | | | |
|---|---|---|---|
| | | | വീട്ടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി ഭവന സമുച്ചയം നിർമ്മിച്ച് നൽകുന്നത് ലക്ഷ്യം വച്ചുകൊണ്ട് കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടം ആസൂത്രണം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഫ്ലാറ്റ് നിർമ്മാണ നിർവ്വഹണം പ്രാരംഭഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ